# മെത്രാപ്പോലീത്തായുടെ കത്ത്



## (ഏപ്രിൽ 2016)

**കർത്താവിൽ പ്രിയരേ,**

സുഖദുഃഖ സമ്മിശ്രമായ ഒരു സാമ്പത്തിക വർഷത്തോടാണ് നാം വിടപറയുന്നത്. നിഴലും വെളിച്ചവും മാറിമാറി പ്രതിഫലിച്ച കാലം. ഉന്നതമായ ദർശനത്തോടും വലിയവലിയ സ്വപ്നങ്ങളോടും കൂടി ജീവിക്കുകയും സ്വപ്നങ്ങളെ കാരുണ്യപ്രദമായ പദ്ധതികളാക്കി മാറ്റുകയും ചെയ്തശേഷം 2015 ഡിസംബർ 27 ന് കർതൃസന്നിധിയിലേക്കു യാത്രയായ ഡോ. സഖറിയാസ് മാർ തെയോഫിലോസ് സഫ്രഗൻ മെത്രാപ്പോലീത്തായുടെ ദേഹവിയോഗം സൃഷ്ടിച്ച വേർപാടിന്റെ ദുഃഖാനുഭവത്തിലൂടെ സഭയ്ക്കു കടന്നുപോകേണ്ടിവന്നു. നിനച്ചിരിക്കാത്ത നാഴികയിൽ സംഭവിച്ച തിരുമേനിയുടെ വേർപാട് അപരിഹാര്യമായ നഷ്ടമാണ് സഭയ്ക്കുണ്ടാക്കിയിരിക്കുന്നത്. തികച്ചും അപ്രതീക്ഷിതമായുണ്ടായ ആ ദുഃഖത്തിന്റെ തീവ്രതയിലും സഭയെ കരം പിടിച്ചു നടത്തുന്ന നമ്മുടെ കർത്താവിൽ നമുക്കു കൂടുതലായി ആശ്രയിക്കാം.

ഈ വർഷത്തെ മാരാമൺ കൺവൻഷൻ ധന്യത പകർന്ന ഒരു കൺവൻഷനായിരുന്നു എന്നോർത്ത് നമുക്കു ദൈവത്തെ സ്തുതിക്കാം. അനുകൂലമായ കാലാവസ്ഥയിൽ, പ്രതികൂല സാഹചര്യങ്ങളൊന്നുമില്ലാതെ വളരെ ഹൃദ്യമായ രീതിയിൽ കൺവൻഷൻ നടത്തുവാൻ കഴിഞ്ഞത് വലിയൊരു ദൈവകൃപയായിരുന്നു. ഈ വർഷം അനുഗൃഹീതമായ വചനശുശ്രൂഷ നിർവ്വഹിച്ച എല്ലാവരെയും പ്രത്യേകം അഭിനന്ദിക്കുന്നു. വചനം കേട്ടവർക്കും ഈ വർഷത്തെ വചനശുശ്രൂഷ ഏറെ ധന്യവും ഹൃദ്യവുമായി അനുഭവപ്പെട്ടു എന്നതു സന്തോഷകരമായ വസ്തുതയത്രെ. മാരാമൺ മണൽപ്പുറം ശുചിത്വത്തോടുകൂടി സംരക്ഷിക്കുവാൻ എല്ലാവരും ജാഗ്രത പുലർത്തിയത് മാതൃകാപരമായ കാര്യമാണ്. ഈ പ്രവർത്തനത്തിൽ സഹകരിച്ച ഏവരോടുമുള്ള അഭിനന്ദനം അറിയിക്കുന്നു. 2015 ഒക്ടോബറിൽ സഫ്രഗൻ മെത്രാപ്പോലീത്തായായി നിയോഗിക്കപ്പെട്ട ഗീവർഗീസ് മാർ അത്താനാസ്യോസ് തിരുമേനി സഫ്രഗൻ മെത്രാപ്പോലീത്താ ആയതിനു ശേഷമുള്ള ആദ്യത്തെ മാരാമൺ കൺവൻഷനാണല്ലോ ഇപ്പോൾ നടന്നത്. ഈ കൺവൻഷനിൽ തിരുമേനി നൽകിയ ചൈതന്യവത്തായ സന്ദേശം ഏറെ ഹൃദ്യവും ചിന്തോദ്ദീപകവുമായിരുന്നു. അനുഗൃഹീതമായ സന്ദേശം നൽകുവാൻ തക്കവണ്ണം തിരുമേനിയെ ബലപ്പെടുത്തിയ ദൈവകൃപയ്ക്കായി സ്തോത്രം കരേറ്റാം. കൃപയോടുകൂടി ഔദ്യോഗിക ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിപ്പാൻ തക്കവണ്ണം വലിയവനായ ദൈവം തിരുമേനിയെ ശാരീരികമായും ആത്മീയമായും ബലപ്പെടുത്തുന്നതോർത്ത് ദൈവത്തെ സ്തുതിക്കാം.

നമ്മൾ ഒരു സാമ്പത്തിക വർഷത്തിന്റെ അവസാന മാസത്തോടു വിട പറയുകയാണല്ലോ. ഭൂരിഭാഗം ഇടവകകളും സമാധാനപരമായ രീതിയിൽ തെരഞ്ഞെടുപ്പു നടത്തി. ഏപ്രിൽ മാസത്തിൽ പുതിയ ചുമതലക്കാർ ഇടവക ചുമതലയിൽ പ്രവേശിക്കുവാൻ തക്കവണ്ണം ക്രമീകരണം ചെയ്ത ഇടവക വികാരിമാരെയും ഇടവകകളെയും പ്രത്യേകം അഭിനന്ദിക്കുന്നു. മെയ് 31 നു മുമ്പ് വാർഷിക കണക്കുകൾ തയ്യാറാക്കി പൊതുയോഗത്തിന്റെ അംഗീകാരം വാങ്ങി റിപ്പോർട്ടു ചെയ്യുവാൻ പ്രത്യേകം ശ്രദ്ധിക്കണം. ഇപ്രകാരം പാസ്സാക്കിയ 2015 –16 ലെ ആഡിറ്റു ചെയ്ത വരവു ചെലവു കണക്കുകൾ ഭദ്രാസന ഓഫീസിൽ നിശ്ചിത സമയത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. അവ ക്രോഡീകരിച്ച് ഭദ്രാസനങ്ങൾ സഭാ ഓഫീസിൽ നിശ്ചിത സമയത്തിനുള്ളിൽ നൽകേണ്ടതാണ്. എങ്കിൽ മാത്രമേ വിഘ്നം കൂടാതെ മണ്ഡലത്തിൽ കണക്ക് അവതരിപ്പിക്കുവാൻ കഴിയുകയുള്ളൂ. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ സഭയ്ക്ക് നികുതി ഇനത്തിൽ കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന Tax exemption ആനുകൂല്യങ്ങൾ നഷ്ടമാകുന്ന സാഹചര്യം വന്നു ഭവിക്കും. ഇങ്ങനെ ഉളവാകാവുന്ന വിഷമതകൾ മനസ്സിലാക്കി ഇടവക വികാരിമാരും ഇടവക ചുമതലക്കാരും ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം എന്നു ഓർമ്മിപ്പിക്കുന്നു. വീഴ്ച വരുത്തുന്ന ഇടവകകളും സ്ഥാപനങ്ങളും സഭയ്ക്കു പ്രത്യേകം ഗവണ്മെന്റ് നൽകുന്ന ഇളവുകളിൽ നിന്നും ഒഴിവാക്കപ്പെട്ടാൽ സഭാനേതൃത്വം അതിനുത്തരവാദിയായിരിക്കുകയില്ല എന്നും ഓർമ്മിപ്പിക്കട്ടെ.

ഇന്ത്യയിലെ പല സംസ്ഥാനങ്ങളും പൊതു തിരഞ്ഞെടുപ്പിന്റെ ചൂടിൽ വരളുകയാണ്. പ്രകൃതിയിൽ ദൃശ്യമായിരിക്കുന്ന വരൾച്ച പോലെ രൂക്ഷമാണ് രാഷ്ട്രീയ രംഗത്തു വന്നു ഭവിച്ചിരിക്കുന്ന വരൾച്ചയും. രാഷ്ട്രത്തിന്റെ ഉൽക്കർഷവും ജനക്ഷേമവും ലക്ഷ്യമാക്കുന്ന സൽസ്വഭാവികളും ജനാധിപത്യ മര്യാദകൾ പാലിക്കുന്നവരുമായവരെ സ്ഥാനാർത്ഥികളായി കണ്ടെത്തുന്നതിൽ എല്ലാ രാഷ്ട്രീയപാർട്ടികളും ശ്രദ്ധിച്ചിരുന്നുവെങ്കിൽ അതു രാഷ്ട്രത്തിനു നൽകുന്ന ശുഭപ്രതീക്ഷയും ശുഭസൂചനയും ചെറുതായിരിക്കുകയില്ല. തെരഞ്ഞെടുപ്പു രംഗത്തേക്ക് പുതുമുഖങ്ങൾ വരേണ്ടത് അനിവാര്യമാണെങ്കിലും അതിന്റെ പേരിൽ പരിചയവും അനുഭവസമ്പത്തുമുള്ള നേതാക്കളെ തഴയുന്നതു സംസ്ഥാനത്തിനു ഗുണപരമായിരിക്കുകയില്ല. പാർട്ടി നേതൃത്വത്തിന്റെ അധികാരമുപയോഗിച്ച് സ്ഥാനാർത്ഥികളെ ജനങ്ങളുടെയും മുന്നണികളുടെയും മേൽ അടിച്ചേൽപ്പിക്കുന്നതും അഭിലഷണീയമായ സമീപനമല്ല. കേരളത്തിലെ ജനങ്ങൾ നാടിന്റെ നന്മയും വികസനവും ലക്ഷ്യമാക്കി ദീർഘവീക്ഷണവും സാമർത്ഥ്യവും സൽസ്വഭാവുമുള്ള സ്ഥാനാർത്ഥികളെ ജനപ്രതിനിധികളായി തിരഞ്ഞെടുക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കണം. അതിനുള്ള വിവേകം പൊതുസമൂഹത്തിനുണ്ടാകട്ടെ എന്ന് നമുക്കു പ്രാർത്ഥിക്കാം.

മാർച്ച് മാസാവസാനം യാത്രയയപ്പുകളുടെ കാലമായിരുന്നു. നമ്മുടെ സ്കൂളുകളിലെയും കോളേജുകളിലെയും ഔദ്യോഗിക സേവന കാലയളവ് പൂർത്തീകരിച്ചവർ റിട്ടയർമെന്റിലേക്ക് പ്രവേശിക്കുകയാണ്.

സഭയ്ക്കും സ്ഥാപനങ്ങൾക്കും അവരിലൂടെ ലഭ്യമായ എല്ലാ സേവനങ്ങൾക്കും നന്ദി പ്രകാശിപ്പിക്കുന്നു. തുടർന്നും വിവിധ ശുശ്രൂഷാ സരണികളിലൂടെ സേവനം കാഴ്ചവെയ്ക്കുവാൻ ഔദ്യോഗിക സേവനത്തിൽ നിന്നും വിരമിക്കുന്നവർക്കു കഴിയട്ടെ എന്നാശംസിക്കുന്നു.

സമീപ കാലയളവിൽ ആരാധനാ സൗകര്യം മുൻനിർത്തി പുതിയ പള്ളികൾ പല ഇടവകകളിലും പ്രാർത്ഥനയോടും സഹകരണത്തോടും കൂടി നിർമ്മിക്കുകയുണ്ടായി. വെണ്മണി സെഹിയോൻ, തെള്ളിയൂർ ശാലേം (വാളക്കുഴി), പനവേലി ബെഥേൽ, പഴവങ്ങാടിക്കര ഇമ്മാനുവേൽ, അയിരൂർ ചായൽ എന്നീ ഇടവകകളിൽ പുതിയ പള്ളികൾ കൂദാശ ചെയ്യുകയുണ്ടായി. നേതൃത്വം നൽകിയ ഇടവക വികാരിമാരേയും ചുമതലക്കാരെയും ആത്മാർത്ഥമായി സഹകരിച്ച ഇടവക ജനങ്ങളെയും പ്രത്യേകം അഭിനന്ദിക്കുന്നു. പുതിയ പള്ളികളിലെ ആരാധന, ആത്മസംതൃപ്തിയ്ക്കു മാത്രം ഉതകുന്നതായി തീരാതെ പൊതു സമൂഹത്തിൽ സാക്ഷ്യം നിലനിർത്തി ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിൽ മുതിർന്നുവരുവാൻ ഇടയാകട്ടെ എന്നാശംസിക്കുന്നു. “അധികം ലഭിച്ചവരോടു അധികം ചോദിക്കും” എന്ന കർത്താവിന്റെ വാക്കുകൾ നമ്മെ നിരന്തരം ഭരിക്കട്ടെ.

സർവ്വാദരണീയനായ നമ്മുടെ അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ 99-ാം ജന്മദിനാചരണം 2016 ഏപ്രിൽ 27-ാം തീയതി നടക്കുന്നതാണ്. അന്നേ ദിവസം രാവിലെ 8 മണിക്ക് തിരുവല്ല സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ വി. കുർബ്ബാനയും തുടർന്ന് ആശംസാ സമ്മേളനവും ക്രമീകരിച്ചിട്ടുണ്ട്. ക്രമീകരണങ്ങൾക്കായി സഭാ കൗൺസിൽ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. തിരുമേനിയുടെ ജന്മശതാബ്ദി ആചരണം സംബന്ധിച്ച് ഒരു രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. 2017 ഏപ്രിൽ 27 ന് ജന്മശതാബ്ദി ആചരണം ഉദ്ഘാടനം ചെയ്യപ്പെടും. ഈ ക്രമീകരണങ്ങൾ ഏറ്റവും അനുഗ്രഹപ്രദമായിത്തീരുന്നതിനായി നമുക്കു പ്രാർത്ഥിക്കാം. ആയുരാരോഗ്യ സൗഖ്യത്തോടുകൂടി വൻകൃപകളാൽ ദൈവം തിരുമേനിയെ കൂടുതലായി ശക്തീകരിക്കട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം.

നമ്മുടെ സഭയിലെ ഭദ്രാസന അദ്ധ്യക്ഷന്മാരുടെ സ്ഥലംമാറ്റം സംബന്ധിച്ച ക്രമീകരണമനുസരിച്ച് പുറത്തിറക്കിയ കൽപ്പനപ്രകാരം ഏപ്രിൽ 1-ാം തീയതി പുതിയ ഭദ്രാസനങ്ങളുടെ ചുമതലയിൽ തിരുമേനിമാർ പ്രവേശിക്കുകയാണല്ലോ. പുതുതായി ചുമതലയിൽ പ്രവേശിക്കുന്ന ഭദ്രാസനങ്ങളിൽ മുൻഭദ്രാസന അദ്ധ്യക്ഷനാൽ തുടങ്ങിവെച്ച പ്രോജക്ടുകൾ കൂടുതൽ കാര്യക്ഷമമായി മുമ്പോട്ടു കൊണ്ടുപോകുന്നതിനു പ്രത്യേകം ശ്രദ്ധിക്കണം. അങ്ങനെ തുടങ്ങിവെച്ച പ്രോജക്ടുകൾ പൂർത്തീകരിച്ച ശേഷം മാത്രം പുതിയ പ്രോജക്ടുകൾ ആരംഭിക്കുന്നതായിരിക്കും അഭികാമ്യം എന്നു കരുതുന്നു. ദൈവത്തിന്റെ സമൃദ്ധമായ കൃപകൾ ധാരാളമായി പ്രാപിച്ച് ക്രിസ്തുയേശുവിൽ എല്ലാവരേയും ഒന്നായി പരിഗണിച്ച് ഇടയശുശ്രൂഷ നിർവ്വഹിക്കുവാൻ ഏവർക്കും ഇടയാകട്ടെ എന്നാശംസിക്കുന്നു. കാലം ചെയ്ത ഡോ. സഖറിയാസ് മാർ തെയോഫിലോസ് സഫ്രഗൻ മെത്രാപ്പോലീത്തായുടെ ദേഹ വിയോഗത്തെ തുടർന്ന് മാർത്തോമ്മാ സഭയുടെ ഭരണഘടന 63-ാം വകുപ്പ് അനുശാസിക്കുന്നതുപോലെ ചെങ്ങന്നൂർ-മാവേലിക്കര ഭദ്രാസനത്തിന്റെയും സ്ഥാപനകളുടെയും ചുമതലകൾ മെത്രാപ്പോലീത്തായിൽ നിക്ഷിപ്തമായിരുന്നുവല്ലോ. ആ ചുമതല മാർച്ച് 31 നു അവസാനിക്കുന്നതാണ്. പുതിയ സ്ഥലംമാറ്റത്തിന്റെ ക്രമീകരണം അനുസരിച്ച് തോമസ് മാർ തിമൊഥെയോസ് എപ്പിസ്കോപ്പാ ഏപ്രിൽ 1 ന് ചെങ്ങന്നൂർ-മാവേലിക്കര ഭദ്രാസനത്തിന്റെ ചുമതലയിൽ പ്രവേശിക്കും. സഖറിയാസ് തിരുമേനി ചുമതലയിൽ പ്രവേശിക്കേണ്ടിയിരുന്ന കോട്ടയം-കൊച്ചി ഭദ്രാസനത്തിന്റെയും സ്ഥാപനകളുടെയും ചുമതലകൾ സഭാ ഭരണഘടനയനുസരിച്ച് ഏപ്രിൽ 1 മുതൽ മെത്രാപ്പോലീത്തായിൽ നിക്ഷിപ്തമായിരിക്കും. ഇതു സംബന്ധിച്ച കല്പനകൾ ഭദ്രാസനത്തിനു നൽകിയിട്ടുണ്ട്.

കുവൈറ്റ് സെന്റർ സന്നദ്ധ സുവിശേഷക സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒരു സമൂഹവിവാഹം ക്രമീകരിക്കുകയുണ്ടായി. ഇടവകമിഷനെ പ്രത്യേകം അഭിനന്ദിക്കുന്നു.

നമ്മുടെ സഭയ്ക്കുകൂടി പങ്കാളിത്തമുള്ള നിലയ്ക്കൽ എക്യുമെനിക്കൽ സെന്ററിലെ ഹോസ്റ്റലിൽ അറ്റകുറ്റപ്പണികൾ നടത്തേണ്ടതായി വന്നിരിക്കുകയാണ്. 50 മുറികൾ ശരിയായ വിധത്തിൽ വാസയോഗ്യമാക്കേണ്ടതായിട്ടുണ്ട്. സഭയുടെ വിഹിതമായി 5 ലക്ഷം രൂപ കൊടുക്കേണ്ടതായിട്ടിരിക്കുന്നു. അഞ്ചു വർഷത്തേക്ക് അതിന്റെ നടത്തിപ്പിന്റെ ചുമതല കത്തോലിക്കാ സഭയുടെ കാഞ്ഞിരപ്പള്ളി രൂപതയെയാണ് ഏൽപ്പിച്ചിരിക്കുന്നത്. നിലയ്ക്കൽ സെന്ററിന്റെ പ്രവർത്തനങ്ങളിൽ താൽപര്യമുള്ളവർ പ്രസ്തുത ആവശ്യത്തിലേക്കായുള്ള സംഭാവനകൾ സഭാസെക്രട്ടറിയുടെ പേരിൽ അയച്ചു കൊടുത്താൽ ഈ ആവശ്യത്തിലേക്കായി ആ പണം വിനിയോഗിക്കുന്നതായിരിക്കും.

NCCI യുടെ നാഷണൽ അസംബ്ലി ജബൽപ്പൂരിൽ നടക്കുന്നതിനുള്ള ക്രമീകരണം ചെയ്തുവരികയാണ്. നമ്മുടെ സഭയുടെ പ്രതിനിധികളെ നിയോഗിച്ചു കഴിഞ്ഞിട്ടുണ്ട്. സി.എൻ.ഐ. സഭയാണ് ഈ വർഷം ആതിഥേയത്വം വഹിക്കുന്നത്. ഇന്നത്തെ ഭാരതത്തിന്റെ കലങ്ങിമറിഞ്ഞ രാഷ്ട്രീയ, സാമൂഹിക, ആത്മീയ ചുറ്റുപാടിൽ എവിടെയും അസഹിഷ്ണുത തലപൊക്കുന്ന പശ്ചാത്തലത്തിൽ ഇന്ത്യയിൽ ക്രൈസ്തവ സാക്ഷ്യം എങ്ങനെ നിർവ്വഹിക്കാം എന്നതിനെക്കുറിച്ച് ദിശാബോധം രൂപപ്പെടുത്തുവാൻ നാഷണൽ അസംബ്ലിക്കു കഴിയേണ്ടതിനായി പ്രാർത്ഥിക്കാം.

ഇന്ത്യയിലെ പല കലാശാലകളും സർവ്വകലാശാലകളും സംഘർഷഭൂമികളായി പരിണമിച്ചിരിക്കുന്നത് രാഷ്ട്രപുരോഗതിക്ക് അഭികാമ്യമായിട്ടുള്ള കാര്യമല്ല. ചിന്തിക്കുന്ന തലമുറയിൽ വ്യത്യസ്തവും നൂതനവുമായ ആശയങ്ങളും അഭിപ്രായങ്ങളും രൂപപ്പെടുന്നത് സ്വാഭാവികം മാത്രമാണ്. വ്യത്യസ്തതകളെ അംഗീകരിക്കുവാനും അംഗീകരിക്കുവാൻ പാടില്ലാത്ത ആശയങ്ങളാണെങ്കിൽ പോലും ആ ആശയങ്ങൾ അവതരിപ്പിക്കാനുള്ള സ്വാതന്ത്ര്യത്തെ ആദരിക്കുവാനുള്ള അന്തസ് എല്ലാവരും പുലർത്തേണ്ടതാണ്. കാൻവാസിൽ ചിത്രം വരയ്ക്കുമ്പോൾ ഒരേഒരു നിറം കൊണ്ടുമാത്രമല്ല ചിത്രം വരയ്ക്കുന്നത് എന്നു നമുക്കറിയാം. പല നിറങ്ങളും പലതരം ബ്രഷുകളും ഉപയോഗിക്കേണ്ടതായി വന്നേക്കാം. എന്നാൽ ചിത്രം വരയ്ക്കുന്നത് കാൻവാസിനെത്തന്നെ നശിപ്പിക്കുന്ന രീതിയിലാകരുത്. ഈ വസ്തുത രാഷ്ട്രീയത്തിലായാലും വിദ്യാഭ്യാസ രംഗത്തായാലും എല്ലാവരും ഓർത്തിരിക്കേണ്ട വസ്തുതയാണ്. 'To co-operate with each other is the true test of education' എന്ന മുൻ രാഷ്ട്രപതിയും വിദ്യാഭ്യാസ ചിന്തകനുമായ ഡോ. എസ്. രാധാകൃഷ്ണന്റെ വാക്കുകളുടെ പൊരുൾ എല്ലാവരും ഉൾക്കൊള്ളുവാൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. കേന്ദ്ര ഗവണ്മെന്റും സംസ്ഥാന ഗവണ്മെന്റുകളും സർവ്വകലാശാലകളും ഇക്കാര്യത്തിൽ ജാഗ്രത പുലർത്തുകയും വിദ്യാർത്ഥി പ്രക്ഷോഭങ്ങളുടെ തീയിൽ എണ്ണ ഒഴിക്കാതെ സഹവർത്തിത്വത്തിന്റെ പാത സ്വീകരിക്കുകയും വേണമെന്നു ഓർമ്മിപ്പിക്കട്ടെ.

റബ്ബറിന് സമീപകാലത്തുണ്ടായ വിലയിടിവ് റബർ കർഷകരെ വളരെയധികം സാമ്പത്തിക പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. എന്നാൽ ഇപ്പോൾ ഉണ്ടായ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ റബർ കർഷകർ റബറിന്റെ ചുവട്ടിൽ കോടാലി വെയ്ക്കുകയാണെങ്കിൽ അതു നമ്മുടെ പരിസ്ഥിതിയെത്തന്നെ പ്രതികൂലമായി ബാധിച്ചേക്കാം. വേനൽക്കാലത്ത് ഇലകൾ തളിർത്ത് നമ്മുടെ ചുറ്റുപാടുകൾക്ക് പച്ചപ്പും കുളിർമയും നൽകുന്നത് പ്രധാനമായും റബർ മരങ്ങളാണെന്നുള്ള വസ്തുത ആരും മറക്കരുത്. ആ പച്ചപ്പിന്റെ കവചം നഷ്ടപ്പെട്ടാൽ നമ്മുടെ നാട് കൂടുതൽ ഉഷ്ണത്തിലേക്കു നീങ്ങും എന്ന കാര്യത്തിൽ സംശയമില്ല.

അര നൂറ്റാണ്ടുകാലം മാരാമൺ കൺവെൻഷൻ വേദിയിലെ നിറസാന്നിദ്ധ്യമായിരുന്ന പ്രശസ്ത സുവിശേഷ പ്രസംഗകൻ ഡോ. ഇ. സ്റ്റാൻലി ജോൺസിന്റെ ഏകമകൾ യൂനിസ് മാത്യൂസ് (102) 2016 ഫെബ്രുവരി 27 ന് വാഷിംഗ്ടണിൽ നിര്യാതയായി. പിതാവിനോടൊപ്പം യൂനിസും മാരാമൺ കൺവൻഷൻ യോഗങ്ങളിൽ വന്നു സംബന്ധിച്ചിട്ടുണ്ട്. യൂനിസിന്റെ ദേഹവിയോഗത്തിൽ സഭയുടെ അനുശോചനം അറിയിക്കുന്നു.

നമ്മുടെ സഭയിൽ ദീർഘകാലം ശ്രേഷ്ഠമായ ശുശ്രൂഷകൾ നിർവ്വഹിച്ച പുത്തൻകാവ് കൊച്ചുപ്ലാംമോടിയിൽ ദിവ്യശ്രീ കെ.വി. മാത്യു കശ്ശീശ (68), റാന്നി ചെറുവാഴക്കുന്നേൽ ദിവ്യശ്രീ സി.കെ. വർഗീസ് കശ്ശീശ (89) എന്നിവർ കർത്താവിൽ നിദ്രപ്രാപിച്ചു. ഈ ബഹുമാന്യരായ പട്ടക്കാർ സഭയിൽ നിർവ്വഹിച്ച ധന്യമായ ശുശ്രൂഷകളെയോർത്ത് ദൈവത്തെ സ്തുതിക്കുന്നു. സന്തപ്ത കുടുംബങ്ങളോടുള്ള സഭയുടെ അനുശോചനം രേഖപ്പെടുത്തുന്നു.

ഏപ്രിൽ മാസത്തിലെ ധ്യാനങ്ങൾ ആരംഭിക്കുന്നത് പുതുഞായറാഴ്ചയുടെ ദർശനങ്ങളോടു കൂടിയാണ്. കർത്താവ് ഉയിർത്തെഴുന്നേറ്റ ദിവസം ആ വാർത്ത അറിയാതെ കല്ലറയിൽ ക്രിസ്തുവിന്റെ മൃതശരീരത്തിൽ സുഗന്ധലേപനം പൂശുവാൻ പോയ മറിയയ്ക്ക് ശൂന്യമായ കല്ലറ കണ്ടപ്പോൾ തന്റെ ഗുരുവിന്റെ ശരീരം ആരോ എടുത്തുകൊണ്ടുപോയതായിട്ടാണ് തോന്നിയത്. ആ മനസ്സിൽ നഷ്ടബോധത്തിന്റെ ഇരുട്ട് പരക്കുവാൻ തുടങ്ങി. ഹൃദയത്തിൽ ദുഃഖം നിറഞ്ഞു. കണ്ണുകളിൽ നിന്നും കണ്ണീർ പ്രവാഹങ്ങൾ പുറപ്പെട്ടു. അതുകൊണ്ട് തനിക്കു പ്രത്യക്ഷനായി അടുത്തുനിൽക്കുന്ന കർത്താവിനെപ്പോലും തിരിച്ചറിയാൻ അവൾക്കു കഴിഞ്ഞില്ല. അവളുടെ കണ്ണുനീർ ആത്മാർത്ഥതയുടെ കണ്ണുനീരായിരുന്നു. ആ കണ്ണുനീരിനെ മറികടന്നുപോകാനോ അതു കാണാതിരിക്കാനോ ദൈവത്തിന്റെ മനസ്സലിവിന്റെ മനുഷ്യമുഖമായ ക്രിസ്തുവിനു കഴിയുമായിരുന്നില്ല. 'സ്ത്രീയേ, നീ കരയുന്നതെന്ത്?' എന്ന് യേശു അവളോടു ചോദിച്ചു. യേശു അവളെ പേർ ചൊല്ലിവിളിച്ചു. ഇടയന്റെ ശബ്ദം ആട് തിരിച്ചറിഞ്ഞു. അവളുടെ ദുഃഖത്തിന്റെ കണ്ണുനീരിന്റെ സ്ഥാനത്ത് ആനന്ദാശ്രുക്കൾ പൊഴിഞ്ഞു. ഉയിർപ്പിന്റെ വാർത്ത ശിഷ്യന്മാരെ അറിയിക്കുവാൻ യേശു അവളെ ഒരു ദൗത്യം ഏൽപിച്ചു. ഉയിർപ്പിന്റെ ആദ്യത്തെ സുവിശേഷകയായി മഗ്ദലനക്കാരത്തി മറിയ മാറി. ഉയിർത്തെഴുന്നേറ്റ കർത്താവിനെ തിരിച്ചറിയുന്ന ഓരോരുത്തരെയും ആ സുവിശേഷത്തിന്റെ പ്രഘോഷകരാകാൻ ക്രിസ്തു ഇന്നും ക്ഷണിക്കുന്നുണ്ട്.

മഗ്ദലനക്കാരത്തി മറിയയുടെ സാക്ഷ്യം വ്യത്യസ്ത പ്രതികരണങ്ങളാണ് ശിഷ്യന്മാരിൽ ഉളവാക്കിയത്. ഇതു കേട്ടപ്പോൾ തന്നെ പ്രായം കൂടിയ ശിഷ്യനായ പത്രോസും പ്രായം കുറഞ്ഞ ശിഷ്യനായ യോഹന്നാനും കല്ലറയുടെ സമീപത്തേക്കു ഓടി. ഒഴിഞ്ഞ കല്ലറ അവർ കണ്ടു. കർത്താവിനെ കണ്ടില്ല. അവർ മടങ്ങിയെത്തി വിവരം സഹശിഷ്യരെ ധരിപ്പിച്ചു. സന്ധ്യയായപ്പോൾ ഭയചകിതരായി ഒരു രഹസ്യ സങ്കേതത്തിൽ ചേർന്നു. വാതിലുകളെല്ലാം അടച്ചിരുന്നു. പത്തു ശിഷ്യന്മാരുടെ ആ കൂട്ടത്തിന് ഉയിർത്തെഴുന്നേറ്റ കർത്താവ് പ്രത്യക്ഷനായി. അസ്വസ്ഥതയുടെ അഗ്നിപർവ്വതങ്ങളായിരുന്ന ശിഷ്യർക്ക് സമാധാനം ആശംസിച്ചു. "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു" എന്നു അവരോടു യേശു പറഞ്ഞു. കർത്താവു അവരുടെ മേൽ ഊതി. ഉല്പത്തി പുസ്തകത്തിന്റെ ഒന്നാം അദ്ധ്യായത്തിൽ ദൈവം താൻ മണ്ണുകൊണ്ടുണ്ടാക്കിയ മനുഷ്യന്റെ മൂക്കിൽ ഊതിയത് ജീവൻ നൽകാനായിരുന്നുവെങ്കിൽ ഇപ്പോൾ കർത്താവു ഊതിയത് മരണതുല്യമായ നിർജീവാവസ്ഥയിൽ ആയിരുന്ന ശിഷ്യന്മാരെ വീണ്ടും സജീവതയിലേക്ക് ഉയിർത്തെഴുന്നേൽപിക്കാനായിരുന്നു. അവരുടെ ഭയം മാറി. വാതിലുകൾ തുറന്നു അവർ സുവിശേഷവുമായി പുറത്തേക്കിറങ്ങി. ആ കൂട്ടത്തിൽ തോമാശ്ലീഹാ ഇല്ലായിരുന്നു. തങ്ങൾക്കുണ്ടായ പ്രത്യക്ഷതയെക്കുറിച്ച് മറ്റു ശിഷ്യന്മാർ സാക്ഷ്യം പറഞ്ഞെങ്കിലും തോമസിന് അതൊന്നും യുക്തിസഹമായി തോന്നിയില്ല. "ഞാൻ അവന്റെ കൈകളിൽ ആണിപ്പഴുതു കാണുകയും ആണിപ്പഴുതിൽ വിരൽ ഇടുകയും അവന്റെ വിലാപ്പുറത്തു കൈ ഇടുകയും ചെയ്തിട്ടല്ലാതെ വിശ്വസിക്കയില്ല" എന്നു തോമസ് പ്രഖ്യാപിച്ചത് അവിശ്വാസത്തിന്റെ പ്രഖ്യാപനമായിട്ടല്ല, ആത്മാർത്ഥമായി ഉത്തരം തേടുന്ന ജിജ്ഞാസുവായ ഒരു വിദ്യാർത്ഥിയുടെ മനസോടെയാണ്. ആത്മാർത്ഥതയുടെ അന്വേഷണങ്ങളെയൊന്നും അവഗണിച്ചിട്ടില്ലാത്ത കർത്താവ്, തോമസിന്റെ സംശയം തീർത്തുകൊടുക്കാൻ ശിഷ്യന്മാരുടെ കൂട്ടത്തിലേക്കു തോമസ് മടങ്ങിയെത്തിയപ്പോൾ വീണ്ടും പ്രത്യക്ഷനായി. ആണിപ്പാടുള്ള കരങ്ങളുമായി പ്രത്യക്ഷപ്പെട്ട ഉയിർത്തെഴുന്നേറ്റ കർത്താവിനെ കണ്ടപ്പോൾ തോമസിന്റെ സംശയങ്ങളെല്ലാം അപ്രത്യക്ഷമായി. ഉയിർപ്പ് ഒരു യാഥാർത്ഥ്യമായി തോമസ് അപ്പോസ്തലൻ അനുഭവിച്ചറിഞ്ഞു. അവിടെവെച്ച്, പിന്നീട് ഭാരതത്തിന്റെ അപ്പൊസ്തലനായിത്തീർന്ന തോമാശ്ലീഹായുടെ വിശ്വാസത്തിന്റെ ഉയിർത്തെഴുന്നേൽപ്പു നടന്നു. കർത്താവിന്റെ ഉയിർപ്പിനുശേഷം വിശ്വാസ സ്ഥൈര്യത്തോടു കൂടി യേശുവിനെ കർത്താവും ദൈവവുമായി ആദ്യം അംഗീകരിച്ചതും പ്രഖ്യാപിച്ചതുമായ വ്യക്തി എന്ന ബഹുമതി തോമസ് അപ്പൊസ്തലന് അവകാശപ്പെട്ടതാണ്. അനുദിന ജീവിതാനുഭവത്തിൽ ക്രിസ്തുവിന്റെ ഉയിർപ്പ് യഥാർത്ഥമായി അനുഭവിച്ചുകൊണ്ട് തോമസ് അപ്പൊസ്തലനെപ്പോലെ 'എന്റെ കർത്താവും എന്റെ ദൈവവുമേ' എന്ന സാക്ഷ്യത്തോടുകൂടി ക്രിസ്തുവിന്റെ സാക്ഷികൾ ആകുവാൻ നാം സഭയായി വിളിക്കപ്പെട്ടിരിക്കുന്നു. "ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികൾ ആകുവിൻ'' എന്നു ആഹ്വാനം ചെയ്ത് കർത്താവു സഭയെ ഏൽപിച്ച ദൗത്യത്തെ അതിന്റെ ദർശനവ്യാപ്തിയിൽ കാണുവാൻ ദൈവവചനത്തിന്റെ പുനർവായന അനിവാര്യമാണ്. കർത്താവിന്റെ സാക്ഷ്യവും കർത്താവ് ഏൽപിക്കുന്ന ദൗത്യവും സ്വന്തം കഴിവിലും പ്രാപ്തിയിലും മാത്രം ആശ്രയിച്ചു നിർവ്വഹിക്കേണ്ടതല്ല, കർത്താവിനോടു കൂടെ ചേർന്ന് പരിശുദ്ധാത്മശക്തിയിൽ നിർവ്വഹിക്കേണ്ടതാണ്. ഇതിനായി ദൈവം നമ്മെ ശക്തീകരിക്കട്ടെ.



പുലാത്തീൻ,
30-03-2016

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**